പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3341** **19.06.2018-ൽ മറുപടിയ്ക്ക്**

## സബ് ആർ.ടി.ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ), (ബി) & (സി) | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത ഏഴ് താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പുതിയ പദ്ധതിയായി 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജനപ്രതിനിധികൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാലിക്കറ്റ് എയർപോർട്ട് ഉൾപ്പെടെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കൊണ്ടോട്ടിയിൽ സബ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | എങ്കിൽ ഇതിന് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | | |
| (ഡി) | പുതിയ ആർ.ടി.ഓഫീസുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ഈ സർക്കാർ വന്നതിന് ശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 09.02.2018-ലെ സ.ഉ.(കൈ) നം.11/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്നതിനും ഓരോ ഓഫീസിലേക്കും 10 വീതം (ആകെ 10X6=60) സ്ഥിരം തസ്തികകൾ സൃഷ്ടിച്ച |

കൊണ്ടും ഉത്തരവായിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ഒരു സബ് ആർ.ടി ഓഫീസിലേക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് ആർ.ടി.ഒ | 1 |
| 2 | മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 2 |
| 4 | ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് | 1 |
| 5 | ക്ലാർക്ക് | 3 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | അറ്റൻഡർ | 1 |

കൂടാതെ, ടി ഓഫീസുകളിൽ ഓരോന്നിലും ഒരു ഡ്രൈവറുടേയും (ദിവസ വേതനം) ഒരു കാഷ്വൽ സ്വീപ്പറുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ